പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1161 31.10.2019-ൽ മറുപടിയ്ക്ക്

# പൊതുമരാമത്ത് വകുപ്പിന്റെ റോഡരികിലെ പെട്രോൾ പമ്പുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ.കെ.കുഞ്ഞിരാമൻ** | | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) | സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളുടെ സമീപത്ത് പെട്രോൾ പമ്പ് സ്ഥാപിക്കുന്നതിന് നിലവിൽ ഫീസ് ഈടാക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളുടെ സമീപത്ത് പെട്രോൾ പമ്പ് സ്ഥാപിക്കുന്നതിന് നിലവിൽ ഫീസ് ഈടാക്കുന്നില്ല. |
| (ബി) | നാഷണൽ ഹൈവേയുടെ അരികിൽ പെട്രോൾ പമ്പ് സ്ഥാപിക്കുന്നതിന് നാഷണൽ ഹൈവേ അതോറിറ്റി ഫീസ് ഈടാക്കുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ നിലവിലെ നിരക്ക് സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | ദേശീയപാതയുടെ വശങ്ങളിലെ പെട്രോൾ പമ്പുകൾ സ്ഥാപിക്കുന്നതിന് ഫീസ് ഈടാക്കുന്നത് കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ 24/07/2013 തീയതിയിലെ കത്ത് നമ്പർ RW/NH-33023/19/99-DO-III പ്രകാരം വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ്. |
| (സി) | ഇത്തരത്തിൽ പെട്രോൾ പമ്പ് സ്ഥാപിക്കുന്നതിന് ഫീസ് ഈടാക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ വകുപ്പിന്റെ പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (സി) & (ഡി) | ഇത്തരത്തിൽ പെട്രോൾ പമ്പ് സ്ഥാപിക്കുന്നതിന് ഫീസ് ഈടാക്കുന്നത് സംബന്ധിച്ച് പ്രൊപ്പോസൽ നിലവിൽ വകുപ്പിന്റെ പരിഗണനയിൽ ഇല്ല. |
| (ഡി) | വൻ ലാഭത്തിലുള്ള പെട്രോൾ കമ്പനികളിൽ നിന്ന് ഈ ഇനത്തിൽ ഫീസ് ഈടാക്കി തുക റോഡുകളുടെ നിർമ്മാണ പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന വിഷയം ഗൗരവമായി പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ; | | |
| (ഇ) | പെട്രോൾ പമ്പ് അനുവദിക്കുന്ന വിഷയത്തിൽ നാഷണൽ ഹൈവേ അതോറിറ്റിയുടെ നിയമം സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പിന്റെ റോഡുകൾക്കും ബാധകമാക്കുമോ എന്ന് വ്യക്തമാക്കാമോ? | (ഇ) | 22/10/2019 ലെ ജി.ഒ(എം.എസ്) നമ്പർ 46/2019/പി.ഡബ്ല്യു.ഡി പ്രകാരം പെട്രോൾ പമ്പ് അനുവദിക്കുന്ന വിഷയത്തിൽ നാഷണൽ ഹൈവേ അതോറിറ്റിയുടെ നിയമം സംസ്ഥാന പൊതുമരാമത്ത് വകുപ്പിന്റെ റോഡുകൾക്കും ബാധകമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ